# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1745/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 11/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1745/2023 തീയ്യതി: 11/12/2023

## കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2022 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജില. വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമ. എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി. ഗംഗാധരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. കെ. സത്യൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. യു.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. മനോജ് കുമാർ. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 23-07-2022 |
| ശ്രീ. രാജീവൻ. ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2022 | 25-08-2022 |
| ശ്രീ. സിപിൻ. സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 26-08-2022 | 31-03-2023 |
| ശ്രീമതി. ഷിനി. പി | വി.ഇ.ഒ, കണ്ടംകുന്ന് സർക്കിൾ | 01-04-2022 | 08-11-2022 |
| ശ്രീമതി. മെറിൻ ജോത്സന ഗോൺസാൽവസ് | വി.ഇ.ഒ, കണ്ടംകുന്ന് സർക്കിൾ | 09-11-2022 | 31-03-2023 |
| ശ്രീ. വിൽഫ്രഡ് സാജൻ | വി.ഇ.ഒ, മാങ്ങാട്ടിടം സർക്കിൾ | 01-04-2022 | 27-10-2022 |
| ശ്രീമതി. ശ്രീജ ബാട്ടി | വി.ഇ.ഒ, മാങ്ങാട്ടിടം സർക്കിൾ | 28-10-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ. എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ജഷി ദിനകരൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. ഷൈമജ ഉത്തമൻ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജശ്രീ കാളിയത്താൻ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രോഷ്നി.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രവീണ. എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി. സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 24-11-2022 |
| ശ്രീ. രാജേഷ്. ടി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 25-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ഫറൂഖ്. ടി.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 27-07-2022 |
| ഡോ. അശ്വതി. കെ.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 28-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ളതുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | Liability Inrespect Of Stale Cheque എന്ന ശീർഷകത്തിൽ ബി-9 ഷെഡ്യൂൾ പ്രകാരം 27,383/- രൂപ നീക്കിയിരിപ്പുണ്ട്.ആയതിൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-1-6 |
| 8 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-8 |
| 10 | സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ബാലൻസ് ഷീറ്റ് ബി-5 പ്രകാരം സ്ഥാപനത്തിന് ലോൺ ഇല്ലാതിരുന്നിട്ടും ജി ഒ പ്രൊജക്ട് പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ തുക കുറവ് ചെയ്തു | 1-1-10 |
| 12 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ ആഫ്റ്റർ പ്രയർ പിരിയഡ് ഐറ്റംസ് കണക്കാക്കിയതിൽ വ്യത്യാസം | 1-1-11 |
| 13 | ഡെപ്പോസിറ്റ് വർക്ക് ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ തിരിച്ച് വന്നത് ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂളിൽ കാണിച്ചിട്ടില്ല | 1-1-12 |
| 14 | വസ്തുനികുതി സഞ്ചയ പ്രകാരമുള്ള കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | തനത് ഫണ്ട് ബാങ്ക് റികൺസിലിയേഷൻ പത്രികയിലെ ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്രഡിറ്റഡ് ഉള്ള സ്റ്റെയിൽ ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമസഭ | 1-10 |
| 25 | വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 26 | FTE & OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-12 |
| 27 | തനത് വരുമാനം- പൊതു അവലോകനം | 1-13 |
| 28 | എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-14 |
| 29 | സ്മാർട്ട് ഐഫേസ് -1 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 30 | കോയിലോട് 4 സെന്റ് കോളനി കുടിവെള്ള പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹995000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 31 | ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹2018628 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 32 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - മുഴുൻ മരുന്നുകളും ലഭിച്ചിട്ടില്ല- ₹137084 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 33 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല-₹291539യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 34 | ബാലസഭാ പ്രവർത്തനങ്ങൾ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - ₹93,140 - യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | വയോക്ലബ് രൂപീകരണം -പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല- ചെലവ് തുക ₹90000 തടസ്സപ്പെടുത്തുന്നു | 1-21 |
| 36 | ജെന്റർ അവേയർനസ്സ് റിസോഴ്സ് പേഴ്സൺസ് ക്യാമ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹69816 തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | സ്ത്രീ പദവി പഠനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹81921 തടസ്സപ്പെടുത്തുന്നു | 1-23 |
| 38 | ഉയരുക നാം ഫേസ്-2 കുട്ടികളെ ഉത്തമ പൗരൻമാരായി വളർത്തുക-പദ്ധതി നടത്തിപ്പിലെ അപാകം ₹105500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |

| | | |
|---|---|---|
| 39 | ബാല സൗഹൃദ പഞ്ചായത്ത്-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - ₹119000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 40 | ചലനവൈകല്യമുള്ളവർക്ക് മുച്ചക്ര വാഹനം- രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹95000 തടസ്സപ്പെടുത്തുന്നു | 1-26 |
| 41 | പാലിന് ഇൻസെന്റീവ് പദ്ധതി - ക്ഷീര സഹകരണ സംഘത്തിൽ അളന്ന പാലിനനുസൃതമായി കർഷകർക്ക് ധനസഹായം ലഭിച്ചില്ല | 1-27 |
| 42 | പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-28 |
| 43 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ് | 1-29 |
| 44 | പ്രത്യേക കന്നുകുട്ടി പരിപാലനം -പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 03.07.2023 ലെ 221/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
11.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ 5,40,62,661/- രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക 1,44,67,930/- രൂപയുമാണ്.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആസ്തിമൂല്യം കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-4 വാർഷീക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ വാർഷീക സംഗ്രഹം തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
1) പാരാ മെഡിക്കൽ രജിസ്ട്രേഷൻ ഫീ, ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ, പെർമിറ്റ് ഫീ ഫോർ റണ്ണിംഗ് മെഷിനറി, ഇൻസ്റ്റലേഷൻ ഓഫ് മെഷിനറി, ഡോഗ് &പിഗ് ലൈസൻസ് ഫീസ് രജിസ്റ്റർ, ഡെയ്‌ലി റെന്റ് ഫ്രം ലോക്കൽ ബോഡി പ്രോപ്പർട്ടീസ്.

### 1-1-5 സൃഷ്ടിച്ച ആസ്തികൾക്കനുസരിച്ചുള്ളതുകകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ്, കോർപ്പറേഷൻ ഗ്രാന്റ് എന്നിവയുപയോഗിച്ച് ആസ്തി സൃഷ്ടിക്കൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ബി-3 ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് ഈ വർഷവും ചേർത്തിട്ടുള്ളത്.

### 1-1-6 Liability Inrespect Of Stale Cheque എന്ന ശീർഷകത്തിൽ ബി-9 ഷെഡ്യൂൾ പ്രകാരം 27,383/- രൂപ നീക്കിയിരിപ്പുണ്ട്.ആയതിൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

Liability Inrespect Of Stale Cheque എന്ന ശീർഷകത്തിൽ ബി-9 ഷെഡ്യൂൾ പ്രകാരം 27,383/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. മൂന്ന് വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

### 1-1-7 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റിൽ പ്ലാന്റ് &മെഷിനറി എന്ന ആസ്തിക്ക് മുൻ വർഷത്തെ അതേ തുകയാണ് (5,63,731/- രൂപ) അക്യുമിലേറ്റഡ് ഡിപ്രിസിയേഷനിൽ കാണിച്ചിട്ടുള്ളത്. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ആസ്തിക്ക് തേയ്മാനം കാണിച്ചിട്ടില്ല.

### 1-1-8 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

### 1-1-9 സമയ ബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാൻഡ് എൻട്രി രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനമായ വരവുകളുടെ പ്രതീക്ഷിത

വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി ഇനത്തിൽ സാമ്പത്തിക വർഷവസാനം 31-03-2023നാണ് ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-10 ബാലൻസ് ഷീറ്റ് ബി-5 പ്രകാരം സ്ഥാപനത്തിന് ലോൺ ഇല്ലാതിരുന്നിട്ടും ജി ഒ പ്രൊജക്ട് പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ തുക കുറവ് ചെയ്തു

ബാലൻസ് ഷീറ്റ് ബി-5 പ്രകാരം സ്ഥാപനത്തിന് ലോൺ ഇല്ലെങ്കിലും ജി.ഒ പ്രോജക്ട് (നമ്പർ366/23, 367/23) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പദ്ധതി പ്രകാരം സ്രോതസ്സിൽ നിന്നും യഥാക്രമം 1,04,623/-, 90,673/- രൂപ (ആകെ-1,95,296/- രൂപ വികസന ഫണ്ട് (SCP)യിൽ കുറവ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് വായ്പ ഇല്ലാതിരുന്നിട്ടും പ്രസ്തുത തുക കുറവ് ചെയ്തത് എന്തിന് എന്ന് വ്യക്തമല്ല. പ്രസ്തുത തുക പഞ്ചായത്തിന് ലഭിക്കാനുള്ള തുകയായി കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-11 ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ് /ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ ആഫ്റ്റർ പ്രയർ പിരിയഡ് ഐറ്റംസ് കണക്കാക്കിയതിൽ വ്യത്യാസം

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രോസ് സർപ്ലസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ ബിഫോർ പ്രയർ പിരിയഡ് 2,00,57,036/- രൂപയാണ്. പ്രസ്തുത തുകയോട് പ്രയർ പിരിയഡ് ഇൻകം 33,631/- രൂപ കൂട്ടി പ്രയർ പിരിയഡ് എക്സ്പെൻസ് 3,68,667/- രൂപ കുറച്ചാൽ കിട്ടുന്ന തുക 1,97,16,000/- രൂപയാണ്. എന്നാൽ ഇൻം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ്/ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ ആഫ്റ്റർ പ്രയർ പിരിയഡ് ഐറ്റംസ് 2,03,86,072/- രൂപയാണ് കാണിച്ചത്. എന്നാൽ ബാലൻസ് ഷീറ്റിലേക്ക് മാറ്റിയത് യഥാർത്ഥ തുകയായ 1,97,16,000/- രൂപയാണ്.

## 1-1-12 ഡെപ്പോസിറ്റ് വർക്ക് ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ തിരിച്ച് വന്നത് ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂളിൽ കാണിച്ചിട്ടില്ല

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചെക്ക് നമ്പർ 853791/20-04-22 പ്രകാരം 1,79,039/- രൂപയും, 853795/26-04-22 പ്രകാരം 4,42,234/- രൂപയും വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ച് ലഭിച്ചതായി കാണുന്നു. മേൽ തുക ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ എൻക്വയറിക്ക് (നമ്പർ 13/13.11.2023) മേൽ തുക റർബൻ മിഷന്റെ ഫണ്ടാണെന്നും പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ തനത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടെന്നും ആയത് തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

## 1-1-13 വസ്തുനികുതി സഞ്ചയ പ്രകാരമുള്ള കളക്ഷൻ ബാലൻസ് തുകകൾ വാർഷീക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി (റസിഡൻഷ്യൽ), വസ്തു നികുതി (നോൺ റസിഡൻഷ്യൽ) ഇനങ്ങളിലെ സഞ്ചയ പ്രകാരമുള്ള കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-14 തനത് ഫണ്ട് ബാങ്ക് റികൺസിലിയേഷൻ പത്രികയിലെ ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്രഡിറ്റഡ് ഉള്ള സ്റ്റെയിൽ ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്ന ചെക്ക് നമ്പർ 1234567/30-04-22 തീയതിയിലെ ചെക്ക് 31-03-23 തീയതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Credited എന്ന ശീർഷകത്തിൽ 2,67,809/- രൂപയുടെ ചെക്ക് കാണിച്ചിട്ടുണ്ട്. പ്രസ്തുത ചെക്കിന്റെ വിശദാംശങ്ങൾ സംബന്ധിച്ച എൻക്വയറിക്ക് സാംഖ്യ സോഫ്റ്റ്‌വെയർ ആരംഭിച്ച വർഷം റീകൺസിലിയേഷൻ ആരംഭിച്ച സമയത്ത് എൻട്രി വരുത്തിയ തുകയാണ് അതെന്നും ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-2 ബജറ്റ്

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26-03-2022 തീയതിയിലെ 110/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 10-03-2023 ലെ 81/2023 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 27788487 | 21269774 |
| വരവ് | 235750000 | 170446000 |
| ആകെ | 263538487 | 191715774 |
| ചെലവ് | 246917565 | 180129698 |
| നീക്കിയിരിപ്പ് | 16620922 | 11586076 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 51021277 |
| വരവ് | 59484188 |
| ആകെ | 110505465 |
| ചെലവ് | 45016258 |
| നീക്കിയിരിപ്പ് | 65489207 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 4373628 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 33393001 | 33393001 | 31579300 | 1813701 |
| വികസന ഫണ്ട് എസ്.സി.പി | | 1266000 | 1266000 | 1266000 | 0 |
| മെയിന്റനൻസ് റോഡ് | | 17267000 | 17267000 | 6882085 | 10384915 |
| മെയിന്റനൻസ് നോൺറോഡ് | | 6812000 | 6812000 | 3521999 | 3290001 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് | 3687218 | 5284960 | 8972178 | 7697828+27 (ബാങ്ക്ചാർജ്ജ്) | 1274323 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 38,60,796 | 7457000 | 11317796 | 4793659 | 6524137 |
| ഐസിഡിഎസ് | 110751 | 1776302 | 1877053 | 1166688 | 710365 |
| എം പി ഫണ്ട് | 6780 | 184 | 6964 | 0 | 6964 |
| സാക്ഷരത | 1620 | 65 | 1685 | 0 | 1685 |
| ടി എസ് സി | 218170 | 0 | 218170 | 0 | 218170 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 1123953 | 605000 | 1728953 | 247664 | 1481289 |
| നഗരസഭ വിഹിതം | 68,18,520 | 275868 | 7094388 | 321738 | 6772650 |

| | | | | | | |
|---|---|---|---|---|---|---|
| മറ്റ് ധനകാര്യം (ലൈഫ് മിഷൻ സ്റ്റേറ്റ് ഫണ്ട് ) | | 60,000 | 120,000 | 180,000 | 160,000 | 20,000 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 587420 | 587420 | 0 | 587420 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 268218 | 268218 | 102601 | 165617 |
| അംഗൻവാടി കെട്ടിട നിർമ്മാണം | | 300000 | 0 | 300000 | 0 | 300000 |
| അവാർഡ് | | 400000 | 0 | 400000 | 0 | 400000 |
| എംജി എൻആർ ഇജിഎസ് | ഭരണചെലവ് | 1956 | 1294232 | 1296188 | 1293272 | 2916 |
| | തൊഴിലാളി കളുടെകൂലി, മെറ്റീരിയൽ ചെലവ് | | 49897203 | 49897203 | 49897203 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 283 | 144200152 | 186 | 75420971 | 41 | 97 | 145 | 51 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 4931526 | 4812400 | 97.58 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 1743334 | 1743334 | 100 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 12 | 10 | 5886668 | 3957939 | 67.24 |
| മെഡിക്കൽഓഫീസർ, ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 2 | 2 | 200000 | 188000 | 94 |
| വി.ഇ.ഒ | 27 | 26 | 29865787 | 16897371 | 56.58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 17 | 8584724 | 6799928 | 79.21 |
| സെക്രട്ടറി | 41 | 26 | 20622543 | 9806971 | 47.55 |
| ഹെഡ് മാസ്റ്റർ | 14 | 11 | 1502960 | 1032728 | 68.71 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 138 | 66 | 64296123 | 24665338 | 38.36 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 3000000 | 2405820 | 80.19 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2966487 | 2511142 | 84.65 |
| ആകെ | 283 | 186 | 144200152 | 75420971 | 52.30 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1956 | 1294232 | 1296188 | 1293272 | 2916 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49897203 | 49897203 | 49897203 | 0 |
| ആകെ | 1956 | 51191435 | 51193391 | 51190475 | 2916 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8925600 | 615 |
| വിധവാപെൻഷൻ | 2118100 | 1493 |
| വാർദ്ധക്യകാല പെൻഷൻ | 36425900 | 2850 |
| ഭിന്നശേഷി പെൻഷൻ | 6389600 | 461 |
| അവിവാഹിത പെൻഷൻ | 4602200 | 328 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2023 തീയതിയിൽ 11-10 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,425/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് വഴിയുള്ള ഫയൽ പ്രൊസസിങ്ങിലുള്ള പുരോഗതി വിലയിരുത്തുകയും പെൻഡിങ്ങ് ഫയലുകൾ തീർപ്പാക്കാനുള്ള നിർദ്ദേശം നല്കുകയും, വാതിൽപ്പടി സേവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്താനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 4 തവണ യോഗം ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, വാതിൽപ്പടി സേവന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വർഷത്തെ വാർഷിക പദ്ധതി അവലോകനം, വ്യക്തിഗത ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ഐ.എൽ.ജി.എം.എസ് സിറ്റിസൺ പോർട്ടൽ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ തൻവർഷ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിന്റെ തൻവർഷ വസ്തു നികുതി കുടിശ്ശികയിനത്തിൽ ₹4613യും മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ₹13839 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/13-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-12 FTE & OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

എ) വ്യാപാര സ്ഥാപനങ്ങളിൽ നിന്നും FTE & OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹14000യുടെ കുറവ്:

31-10-2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും

കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സേവന മേഖല/ഉത്പ്പാദന മേഖല -യിലെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം ₹500, ₹1000, ₹5000, ₹10000, ₹15000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ട പ്രകാരം സേവന മേഖലയിൽ ഉൾപ്പെടുന്ന മിനി എന്റർപ്രൈസുകൾ (മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും 50 ലക്ഷം രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങൾ),സ്മോൾ എന്റർപ്രൈസുകൾ(മൂലധന നിക്ഷേപം 50 ലക്ഷം രൂപയിൽ കൂടുതലുള്ളതും 2 കോടി രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങൾ) എന്നിവയ്ക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ₹1000,₹5000 എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിലൊഴികെയുള്ള മിനി/സ്മോൾ എന്റർപ്രൈസുകളിൽ നിന്നും സർക്കാർ നിശ്ചയിച്ച നിരക്കിലല്ല ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഭരണസമിതി ചേർന്ന് പുതിയ നിരക്ക് നിശ്ചയിച്ച് തീരുമാനമുണ്ടായിട്ടുമില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു. നിരക്കുകൾ നിശ്ചയിച്ച് ഏകീകൃത സ്വഭാവം വരുത്തി തീരുമാനമെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്/ ലൈസൻസ് നമ്പർ | സ്ഥാപനം ഉൾപ്പെടുന്ന മേഖല/ വിഭാഗം (ലൈസൻസ് അപേക്ഷ പ്രകാരം) | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് (₹) | ചട്ട പ്രകാരം ഈടാക്കേണ്ടിയിരുന്ന പരമാവധി ഫീസ് (₹) |
|---|---|---|---|---|---|---|
| 1 | തേഡ് ഐ (സി സി ടി വി , ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിൽപ്പന,സർവീസ്) 16/513 | സൂരജ്. ഇ B2-1319/22/ 2022-23/9 | സേവന മേഖല/ മിനി എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 500 | 1000 |
| 2 | യൂണിറ്റി മെഡിക്കൽ ലാബ് 2/525 R | സഞ്ജയിക .കെ.കെ B2-484/22/ 2022-23/292 | സേവന മേഖല/ മിനി എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 500 | 1000 |
| 3 | ശങ്കേഴ്സ് ഫർണിച്ചർ 11/115 | നടുക്കണ്ടി രാമദാസൻ B2-2181/22/ 2022-23/228 | സേവന മേഖല/ സ്മോൾ എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 1000 | 5000 |
| 4 | പയനീർ ലാറ്റക്സ് (പ്രൊഡക്ഷൻ ഓഫ് സെൻട്രിഫ്യൂഗ്ഡ് ലാറ്റക്സ്) 9/523,524, 526,527 | ഷാനവാസ് B2-2202/22/ 2022-23/247 | സേവന മേഖല/ സ്മോൾ എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 500 | 5000 |
| 5 | ഗുഡ് വിൽ ഏജൻസീസ് (സ്റ്റേഷനറി സാധനങ്ങളുടെ മൊത്ത വിതരണം) 13/272 B,C,D | ശ്രീജിത്ത്. ബി B2-2069/22/ 2022-23/192 | സേവന മേഖല/ സ്മോൾ എന്റർപ്രൈസസ് | രേഖപ്പെടുത്തിയിട്ടില്ല | 500 | 5000 |

മേൽപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/10-11-2023) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ ഈടാക്കിയ ലൈസൻസ് ഫീസ് തന്നെ 2022-23 സാമ്പത്തിക വർഷത്തിലും ഈടാക്കുകയാണ് ചെയ്തതെന്നും ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന തുക 2023-24 സാമ്പത്തിക വർഷം മുതൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ ഭരണസമിതി തീരുമാനമെടുക്കേണ്ടതും നിശ്ചിത തുക തന്നെ ഒടുക്കി എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ബി) എഫ് ടി ഇ& ഒ എസ് ലൈസൻസ് – വ്യാപാരിയിൽ നിന്നും ചട്ട വിരുദ്ധമായി ഫീസ് ഈടാക്കി:

31.10.2017 ലെ ജി.ഒ.(പി)80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം

മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500, 1000, 5000, 10000, 15000 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ഇത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/ ലൈസൻസ് നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനം ഉൾപ്പെടുന്ന മേഖല/വിഭാഗം (ലൈസൻസ് അപേക്ഷ പ്രകാരം) | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് (₹) |
|---|---|---|---|---|---|
| അംബുജ സിമന്റ് ലിമിറ്റഡ് (സിമന്റ് സ്റ്റോക്ക് ചെയ്ത വില്പന നടത്തുന്നതിന്) B2-1523/22/ 2022-23/298 | 5/17 | വിൽസൺ ജോസഫ്, അംബുജ സിമന്റ് ലിമിറ്റഡ്, മട്ടാഞ്ചേരി, കൊച്ചി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | 2000 |

ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതിരുന്ന മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം, ഗ്രാമ പഞ്ചായത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്കുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഭരണസമിതി തീരുമാനം എന്നിവ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/4-08-2023) 31.10.2017ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പരമാവധി ലൈസൻസ് ഫീസാണ് ഗ്രാമ പഞ്ചായത്തിൽ ഈടാക്കി വരുന്നതെന്നും (06-03-2018ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം നമ്പർ 14/48/18) മേൽ പറഞ്ഞിരിക്കുന്ന വ്യാപാര സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് നിർണ്ണയിച്ചത് നേരിട്ട് അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, FTE&OS ലൈസൻസ് ഫീസ് ചട്ട (1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണയിച്ച് ഈടാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് അപേക്ഷകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായും കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. തനത് വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I) വസ്തുനികുതി - 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ

പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ)നമ്പർ 77/2023/തസ്വഭവ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി)25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 03.07.2023 തീയതിയിലെ 4/224/2023 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

II) തൊഴിൽ നികുതി.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

III) ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 744 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV) FTE & OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല). ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ

കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവ സമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-14 എ.ബി.സി പദ്ധതിക്ക് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 341/23, എ ബി സി പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് തുക നൽകൽ |

| | |
|---|---|
| അടങ്കൽ | ₹100000 (വികസന ഫണ്ട് പൊതു വിഭാഗം ) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹100000 (329/22.02.23) |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാ പഞ്ചായത്തിന് ₹100000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും 13.06.2023 തീയതി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും അതു പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 സ്മാർട്ട് ഐഫേസ് -1 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ചെലവിലേക്കായി ₹177000 ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 348/23 |
| പ്രൊജക്ടിന്റെ പേര് | സ്മാർട്ട് ഐഫേസ് -1<br>പൊതു ഇടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ |
| അടങ്കൽ | ₹100000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹77000 (തനത് ഫണ്ട് )<br>ആകെ- ₹177000 |
| ചെലവ് | ₹100000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹77000 (തനത് ഫണ്ട് )<br>ആകെ- ₹177000 |
| ബിൽ നം./തീയതി, തുക | ₹100000, 330/22.02.2023 (ACR പ്രകാരം)<br>₹77000, വൗച്ചർ നമ്പർ 22200947/21.02.23,<br>ആകെ- ₹177000 |

പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ വിഹിതം കൈമാറിയ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള വിവരം ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തിയായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/10-11-2023) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ ഇനത്തിലുള്ള ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 കോയിലോട് 4 സെന്റ് കോളനി കുടിവെള്ള പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹995000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 267/23 |
| പ്രൊജക്ടിന്റെ പേര് | കോയിലോട് 4 സെന്റ് കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹1000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്) |

| | |
|---|---|
| | ₹2000000(മറ്റുള്ളവ)<br>₹3000000(ആകെ) |
| ചെലവ് | ₹995000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്) |
| ബിൽ നം/തീയതി | 417/16.03.2023 |

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ കോയിലോട് 4 സെന്റ് കോളനിയിലെ നിലവിലുള്ള കുഴൽക്കിണർ ഉപയോഗിച്ച് ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. മേൽ പ്രോജക്ട് നിർവ്വഹണത്തിനായി, ഭൂജല വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം ₹995000 ഭൂജല വകുപ്പ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി/പ്രോജക്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ₹3000000 വകയിരുത്തിയ പ്രോജക്ട് ₹995000ക്ക് തൃപ്തികരമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ എന്നും, നിലവിൽ എത്ര കുടുംബങ്ങൾക്കാണ് മേൽ പ്രോജക്ട് പ്രകാരം പ്രയോജനം ലഭിക്കുന്നുണ്ട് എന്നറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ഭൂജല വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും 30 കുടുംബങ്ങൾക്ക് മേൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹995000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-17 ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹2018628 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 39/23, ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹2018628<br>(ധനകാര്യ കമ്മീഷൻ അവാർഡ്-അൺടൈഡ്) |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹2018628 (47/07.07.2022) |

2021-22 സാമ്പത്തിക വർഷം തുടങ്ങിയതും 2022-23ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയതുമാണ് ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രോജക്ട്. ഇലക്ട്രോണിക് ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ഓൺലൈൻ പരീക്ഷാകേന്ദ്രത്തിന് ആവശ്യമായ ഇലക്ട്രോണിക്ക് പ്രവൃത്തികൾക്കായി 20,18,628/- രൂപ പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം (തൃശ്ശൂർ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് നം.67228374992 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗവുമായുള്ള കരാർ/ എഗ്രിമെന്റ് ഫയലിൽ ഇല്ല.
2. പ്രോജക്ട് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി വ്യക്തമാക്കിയിട്ടില്ല.
3. പ്രസ്തുത പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.
4. ഓൺലൈൻ പരീക്ഷാകേന്ദ്രം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിച്ചിട്ടില്ല

മേൽ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാലും തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാലും ₹2018628 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല- ₹137084 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രൊജക്ട് നമ്പർ, പേര് | 3/23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹200000 |

| | |
|---|---|
| ബിൽ നമ്പർ&തീയതി | BRN No.22220452008800915809/16.12.2022 |

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ (PF 801) അടിസ്ഥാനത്തിൽ 2,00,000/- രൂപ മേൽ ബിൽ പ്രകാരം തുക മുൻകൂർ ആയി ഹോംകോ മാനേജിങ്ങ് ഡയറക്ടറുടെ (SBI അക്കൗണ്ട് നമ്പർ 34306403911) അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് അന്വേഷണം (25/15.11.23) നൽകിയതിനെ തുടർന്ന് 62,916/- രൂപയുടെ (ഇൻവോയ്സ് നം.LF.536/14.11.23) മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ ചെലവ് തുക 137084 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-19 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല-₹291539യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, പി,എച്ച്.സി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ചുവടെ പറയും പ്രകാരം നല്കിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ /പേര് | അടങ്കൽ | ചെലവ് | ബിൽ.നം, തീയതി/ തുക | പ്രോഫോർമ ഇൻവോയ്സ് നം./തീയതി, തുക | ഇതുവരെ ലഭിച്ചത് ₹ | ബാലൻസ് |
|---|---|---|---|---|---|---|
| 2/23, പി.എച്ച്.സി ക്ക് മരുന്നുവാങ്ങൽ | ₹800000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ₹800000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 342/25.02.23 ₹168469 | PRF4701/11.06.22 ₹168469 | ₹108329 | ₹60140 |
| 7/23 സാന്ത്വന പരിചരണം | ₹1091978 (വികസന ഫണ്ട് ജനറൽ) ₹200000 (ബ്ലോക്ക് വിഹിതം) ₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം) ആകെ- ₹1491978 | ₹1091978 (വികസന ഫണ്ട് ജനറൽ) ₹199923 (ബ്ലോക്ക് വിഹിതം) ആകെ- ₹1291901 | 48/13.07.22 ₹409933 | PRF536/30.06.22 ₹314083 | ₹265439 | ₹48644 |
| | | | 454/21.03.23 ₹151053 | PRF5416/16.03.23 ₹126053 | ₹66090 | ₹59953 |
| | | | 2222045200800827333 ₹140507 | PRF2438/21.11.22 ₹140507 | ₹17705 | ₹122802 |
| | | | | | ആകെ | 291539 |

മേൽ പ്രകാരം ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (24/15.11.23) മറുപടിയിൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ ചെലവ് ₹291539 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-20 ബാലസഭാ പ്രവർത്തനങ്ങൾ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - ₹93,140 - യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 121/23 , ബാലസഭ കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ, കരാട്ടെ പരിശീലനം |
| അടങ്കൽ | ₹1,00,320 (വികസനഫണ്ട് -ജനറൽ)<br>₹66,880 (തനത് ഫണ്ട്)<br>ആകെ – ₹1,67,200 |

| | |
|---|---|
| ചെലവ് | ₹1,00,320 (വികസനഫണ്ട് -ജനറൽ)<br>₹11,820 (തനത് ഫണ്ട്)<br>ആകെ – ₹1,12,140 |
| ബിൽ നം./തീയതി/തുക | 22220452009101264264/28-02-2023 (₹20000)<br>22220452009101393797/17-03-2023 (₹18500)<br>22220452009101399241/18-03-2023 (₹18000)<br>22220452009101412545/20-03-2023 (₹35640)<br>22220452009101417008/21-03-2023 (₹8180)<br>(വികസനഫണ്ട് -ജനറൽ)<br>വൗച്ചർ നം.62240107601118/25-03-2023 (₹11820),<br>(തനത് ഫണ്ട്)<br>ആകെ – ₹1,12,140 |

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബാലസഭകളിലെ 10 വയസ്സിന് മുകളിലുള്ള ഫുട്ബോൾ, വോളിബോൾ, കരാട്ടെ എന്നീ ഇനങ്ങളിൽ അഭിരുചിയുള്ള കുട്ടികൾക്ക് പ്രസ്തുത ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പദ്ധതി. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.7.10(1)) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വാർഡ് ഒന്നിന് ₹1000 നിരക്കിൽ ചെലവഴിക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം 19 വാർഡുകൾ ഉള്ള മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക ₹19000 ആണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ആകെ ₹1,12,140 ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ പദ്ധതിയ്ക്ക് ₹93,140 അധികമായി ചെലവഴിച്ചതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/9-11-2023) നല്ല ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും, കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം, ലഹരി ഉപയോഗം എന്നിവ കുറയ്ക്കുന്നതിനുമായിട്ടാണ് മേൽ പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും തികച്ചും അർഹതപ്പെട്ട കുട്ടികൾക്കാണ് പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ച പരിധിയിൽ കവിഞ്ഞുള്ള തുകയുടെ (₹93,140) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് അധികമായി തുക ചെലവഴിക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വയോക്ലബ് രൂപീകരണം -പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല- ചെലവ് തുക ₹90000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 116/23 |
| പ്രോജക്ടിന്റെ പേര് | വയോക്ലബ് രൂപീകരണം |
| അടങ്കൽ | ₹90000, വികസന ഫണ്ട് |
| ചെലവ് | ₹90000<br>ബിൽ നമ്പർ 515/28-3-23 |

വയോക്ലബ് രൂപീകരണം എന്ന പദ്ധതി പ്രകാരം ജീവിതം A+ ആക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് മാനസിക ഉല്ലാസത്തിന് വേണ്ട സൗകര്യം ഒരുക്കൽ, മേശ, കസേര, ഷെൽഫ് വിനോദത്തിന് ആവശ്യമായ കാരംബോർഡ്, ചെസ് ബോർഡ് എന്നിവ വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആയതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ മേശ, കസേര, ഷെൽഫ് എന്നിവക്ക് മൂന്ന് ക്വട്ടേഷനുകളും, കാരംബോർഡ്, ചെസ് ബോർഡ് എന്നിവയ്ക്ക് 3 ക്വട്ടേഷനുകളും ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രാജധാനി ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെയും കളി ഉപകരണങ്ങൾക്ക് സ്പോർട്സ് വേൾഡ് എന്ന സ്ഥാപനത്തിന്റേയും ക്വട്ടേഷൻ അംഗീകരിച്ചും 7,000/- രൂപ വിലയുള്ള മൂന്ന് ഷെൽഫ്, 3,600/- രൂപ വിലയുള്ള മൂന്ന് മേശ, 850/- രൂപ വിലയുള്ള 52 കസേരകൾ 4,200/- രൂപ വിലയുള്ള മൂന്ന് കാരം ബോർഡ്, 500/- രൂപ വിലയുള്ള മൂന്ന് ചെസ് ബോർഡ് എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ-പ്രൊക്വയർമെന്റ് മാന്വൽ പ്രകാരം മതിപ്പ് വില 25,000/- രൂപക്ക് മുകളിലും 1,00,000/- രൂപ വരെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ്

ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്നും കുറഞ്ഞത് അഞ്ച് ടെണ്ടറുകളെങ്കിലും ലഭ്യമായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ക്വട്ടേഷൻ നടപടികളിലൂടെയാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.

2) ലഭ്യമായ സാധനങ്ങൾ നവോദയ വായനശാല ശങ്കരനെല്ലൂർ, സ്വദേശാഭിമാനി വായനശാല, ആയിത്തറ, ഗ്രാമദീപം വായനശാല, ആയിത്തറ മമ്പറം എന്നീ മൂന്ന് വായനശാലകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ സ്ഥലങ്ങളിൽ വയോക്ലബ് രൂപീകരിച്ചതിന്റെയും പ്രവർത്തനം ആരംഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) പതിനാലാം പദ്ധതി മാർഗ്ഗരേഖ 6.5(12) പ്രകാരം സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശ ഭരണ സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി മൂന്ന് വീതം വയോക്ലബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ വിനോദ കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാവുന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണ്. വയോ ക്ലബുകൾക്ക് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടംബശ്രീ സംവിധാനത്തിൽ നിന്നും എടുക്കേണ്ടതാണ് എന്നും കെയർടേക്കർക്ക് കുടുംബശ്രീയിൽ നിന്നും 4,000/- രൂപയും 500/- രൂപ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വയോക്ലബുകളുടെ കെട്ടിട വാടക, വൈദ്യുതി ചാർജ്ജ് എന്നിവക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കാം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മേൽകാണിച്ചിട്ടുള്ള വായന ശാലകളിൽ വയോക്ലബുകൾ പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/15-11-23) ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ടിൽ പറഞ്ഞ എല്ലാ സാധനങ്ങളും ഒരു വിതരണക്കാരിൽ നിന്നും ലഭിക്കില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാലാണ് പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചത് എന്നും അറിവില്ലായ്മ കൊണ്ടാണ് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട് ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വയോക്ലബ് രൂപീകരിച്ചതിന്റെ വിശദാംശങ്ങളും വയോക്ലബുകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പ്രവർത്തനക്ഷമമായതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹90000 തടസ്സപ്പെടുത്തുന്നു. വയോക്ലബുകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പ്രവർത്തനക്ഷമമായതിന്റെ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ജെന്റർ അവേയർനസ്സ് റിസോഴ്സ് പേഴ്സൺസ് ക്യാമ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹69816 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 294/23 |
| പ്രോജക്ടിന്റെ പേര് | ജെന്റർ അവേയർനസ്സ് റിസോഴ്സ് പേഴ്സൺസ് ക്യാമ്പ് |
| അടങ്കൽ | ₹100000,വികസന ഫണ്ട് |
| ചെലവ് | ₹69816 |
| ബിൽ നമ്പർ, തീയതി | 315/20-2-23 ₹66380<br>325/21-2-23 ₹3436 (ACR പ്രകാരമുള്ള ബില്ലുകൾ)<br>ആകെ-₹69816 |

ജെന്റർ അവയർനസ്സ് റിസോഴ്സ് പേഴ്സൺസ് ക്യാമ്പ് എന്ന പദ്ധതിയിൽ വട്ടിപ്രം യു.പി സ്കൂളിൽ വെച്ച് നടന്ന ത്രിദിന ക്യാമ്പിന്റെ ചെലവുകൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ക്യാമ്പിൽ ജെന്റർ കാഴ്ചപ്പാടും പ്രദേശിക ഭരണവും എന്ന വിഷയത്തിൽ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം 2023 ഫിബ്രവരി 10,11തീയതികളിലും 12-2-23ന് സാസ്കാരിക സമ്മേളനവുമാണ് നടത്തിയത്. പരിപാടിയുടെ ബാനർ, സ്റ്റേഷനറി ചെലവ്, ഭക്ഷണച്ചെലവ്, പരിശീലകർക്കുള്ള ഹോണറേറിയം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പരിശീലകരുടെ ഹോണറേറിയം ഇനത്തിൽ ഒരു ദിവസം 3000രൂപ എന്നക്രമത്തിൽ ക്ലാസ് എടുത്ത അഞ്ച് പരിശീലകരിൽ രണ്ട് ദിവസം ക്ലാസ് എടുത്ത ആൾക്ക് 6,000/- രൂപയും, മറ്റ് നാല് പേർക്ക് 3,000/- രൂപയും ചേർത്ത് ആകെ 18,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശീലകർക്ക് ഒരു ദിവസം 3,000/- രൂപ നൽകിയതിന് ആധാരമായ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) പരിശീലനത്തിൽ ആകെ 80 പേർ പങ്കെടുത്തിരുന്ന റിസോഴ്സ് പേഴ്സൺ ക്യാമ്പിന് ശേഷം നടത്തിയ തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/15-11-23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക ₹69816 തടസ്സപ്പെടുത്തുന്നു. രേഖകളും പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങളുടെ വിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്ത്രീ പദവി പഠനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹81921 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 335/23 |
| പ്രോജക്ടിന്റെ പേര് | സ്ത്രീ പദവി പഠനം |
| അടങ്കൽ | വികസന ഫണ്ട് ₹60000<br>തനത് ഫണ്ട് ₹24650 |
| ചെലവ് - ₹81921 | ₹81921<br>ബിൽ നമ്പർ205/27-12-22 ₹600 (വികസന ഫണ്ട്)<br>ബിൽ നമ്പർ502/25-3-21 ₹1721 (വികസന ഫണ്ട്)<br>ബിൽ നമ്പർ561/30-3-23 ₹55650 (വികസന ഫണ്ട്)<br>ബിൽ നമ്പർ469/22-3-23 ₹ 19275 (തനത് ഫണ്ട്)<br>ബിൽ നമ്പർ485/24-3-23 ₹ 4675 (തനത് ഫണ്ട്) |

സ്ത്രീകളുടെ അവസ്ഥ പഠിക്കാൻ സർവ്വേ നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ഉണ്ടാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട വാർഡ് തല പരിശീലനം 15-03-23, 16-03-23, 17-03-23 എന്നീ തീയതികളിൽ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു ആയതിൽ അറ്റൻഡസ് പത്രിക പ്രകാരം ആകെ 175 പേർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ പരിശീലനത്തിൽ പങ്കെടുത്ത 159 പേർക്ക് 350/- രൂപ വെച്ച് ആകെ 55,650/- രൂപയാണ് യാത്രാബത്ത അനവദിച്ചിട്ടുള്ളത്.

2) ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതിയുടെ 01-03-23 തീയതിയിലെ നമ്പർ 444/2022/ഡിപിസി/ഡിപിഒ/കെഎൻആർ നമ്പർ കത്തിൽ സ്ത്രീ പദവിയുമായി ബന്ധപ്പെട്ട് 2022-23 വർഷം വകയിരുത്തേണ്ട ഭേദഗതി വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡ്തല പരിശീലനത്തിന് പരമാവധി 84,650/- രൂപ ചെലവഴിക്കാവുന്നതാണ്. ഒരു ബാച്ചിൽ പരമാവധി 60 പേരെ ഉൾപ്പെടുത്താം. 60 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പരിശീലന ചെലവ് യാത്രാബത്ത 60x350=21,000/- രൂപ ഉൾപ്പെടെ 34,650/- രൂപ, വിവിധ കൂടിയിരിപ്പുകൾ, വർക്ക്ഷോപ്പുകൾ എന്നിവക്ക് 25,000/- രൂപ, ലഘുലേഖ തയ്യാറാക്കൽ 25,000/- രൂപ ഉൾപ്പെടെയാണ് 84,650/- രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ടത്. എന്നാൽ പരിശീലനത്തിന് മാത്രമായി മൂന്ന് ബാച്ചുകൾക്ക് യാത്രാബത്ത നൽകിയത് ഉൾപ്പെടെ 81,921/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് വിവിധ കൂടിയിരിപ്പുകൾ, വർക്ക്ഷോപ്പുകൾ, ലഘുലേഖ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. 159 പേർക്ക് യാത്രാബത്ത 55,650/- രൂപ ഭക്ഷണച്ചെലവ് 75 പേർ ഉൾപ്പെടുന്ന മൂന്ന് ബാച്ചിന് 19,275/- രൂപ കിലയിൽ സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട പരിശീലനത്തിൽ പങ്കെടുത്ത 4 പേർക്കുള്ള യാത്രാബത്ത 2,000/- രൂപ, റിസോഴ്സ് പേഴ്സൺ ഓണറേറിയം 2,225/- രൂപ, 21-12-22ന് നടന്ന യോഗത്തിന്റെ ചായ ചെലവ് 600/- രൂപ, ബാനർ 450/- രൂപ, സ്റ്റേഷനറി 1,721/- എന്നിങ്ങനെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയിലെ മറ്റ് പ്രവർത്തനങ്ങൾ നടന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3) വാർഡ് തല പരിശീലനത്തിന് ശേഷം നടന്ന തുടർ പ്രവർത്തനങ്ങൾ, സർവ്വേ, റിപ്പോർട്ട് ക്രോഡീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/15-11-23) ലഭ്യമാക്കിയ മറുപടിയിൽ വാർഡ്തല പരിശീലനം മാത്രമേ തൻവർഷം നടന്നിട്ടുള്ളൂ എന്ന മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായ ബന്ധപ്പെട്ട് 2022-23 വർഷം നടക്കേണ്ട വിവിധ കൂടിയിരിപ്പുകൾ, വർക്ക്ഷോപ്പുകൾ, ലഘുലേഖ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. പദ്ധതിയുടെ തുടർ പ്രവർത്തന വിവരം ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹81921 തടസ്സപ്പെടുത്തുന്നു. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രൊജക്ട് വിഭാവനം ചെയ്ത രൂപത്തിൽ തന്നെ നടപ്പാക്കിയിട്ടുണ്ടെന്ന മോണിറ്ററിംഗ്

കമ്മിറ്റി റിപ്പോർട്ട് കൂടി ഹാജരാക്കേണ്ടതാണ്.

## 1-24 ഉയരുക നാം ഫേസ്-2 കുട്ടികളെ ഉത്തമ പൗരൻമാരായി വളർത്തുക-പദ്ധതി നടത്തിപ്പിലെ അപാകം ₹105500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |
| പ്രൊജക്റ്റ് നമ്പർ, പേര് | 299/23 ഉയരുക നാം ഫേസ്-2<br>കുട്ടികളെ ഉത്തമ പൗരൻമാരായി വളർത്തുക |
| അടങ്കൽ | ₹200000 (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | ₹199450 (വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നമ്പർ&തീയ്യതി,തുക | ₹17900 -2222045200920099606I/05.01.2023<br>₹166050 -2222045200920134348I/14.03.2023<br>₹15500 -2222045200920153507 5/28.03.2023<br>ആകെ- ₹199450 |

മേൽ പദ്ധതിയുടെ ഭാഗമായി 2022 ഡിസംബർ 27 ന് ദേശബന്ധു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് ഒരു ദിവസത്തെ ശില്പശാലയും, 2023 മാർച്ച് 11, 12 തീയതികളിൽ ഉണർവ് എന്ന പേരിൽ 2 ദിവസത്തെ ദ്വിദിന ക്യാമ്പും നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 2022 ഡിസംബർ 27 ന് ദേശബന്ധു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് നടന്ന ശില്പശാലയിൽ പങ്കെടുത്ത കുട്ടികൾക്ക് ചായയും ലഘു ഭക്ഷണവും നൽകിയ ഇനത്തിൽ 9,900/- രൂപയും, ലൈറ്റ് & സൗണ്ടിനത്തിൽ 8,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുട്ടികൾക്കായി ഏത് തരത്തിലുള്ള പരിപാടി/ക്ലാസുകളാണ് നടത്തിയതെന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) 2023 മാർച്ച് 11, 12 തീയ്യതികളിൽ അയ്യപ്പൻതോട് വെച്ച് നടന്ന ദ്വിദിന ക്യാമ്പിൽ ലൈറ്റ് & സൗണ്ട് സംവിധാനം ഒരുക്കിയ ഇനത്തിൽ 87,600/- രൂപ ശ്രീ.മോഹനൻ. ഇ എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25,000/- രൂപയ്ക്ക് മുകളിലും 1,00,000/- രൂപയിൽ താഴെയും ഉള്ള സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുമ്പോൾ ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹105500 യുടെ (9900+8000+87600) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ പദ്ധതി പ്രവർത്തനം വിഭാവനം ചെയ്ത രൂപത്തിൽതന്നെ നടപ്പാക്കിയിട്ടുണ്ടെന്ന മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഹാജരാക്കേണ്ടതാണ്.

## 1-25 ബാല സൗഹൃദ പഞ്ചായത്ത്-പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ - ₹119000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സമൂഹത്തിൽ ബാലസൗഹൃദ മനോഭാവം വളർത്തിയെടുക്കുക, ജീവിതാനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ജീവിത പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട് പോകുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക, കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നിവയാണ് പ്രോജക്റ്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും. പ്രോജക്റ്റ് ചെലവ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ് |
| പ്രൊജക്റ്റ് നമ്പർ, പേര് | 217/23 ബാല സൗഹൃദ പഞ്ചായത്ത് |

| | |
|---|---|
| അടങ്കൽ | ₹200000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹50000 (തനത് ഫണ്ട്)<br>ആകെ – ₹250000 |
| ചെലവ് | ₹199748 (വികസന ഫണ്ട് പൊതു വിഭാഗം) |
| ബിൽ നമ്പർ & തീയതി, തുക | 1) 22220452009201130918/03.02.2023, ₹71728<br>2) 22220452009201265851/28.02.2023,₹31636<br>3)22220452009201304663/07.03.2023,₹76784<br>4)52656022220452009201/28.03.2023,₹19600<br>ആകെ – ₹199748 |

പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്ക് കളരി പരിശീലനം മാത്രമാണ് നൽകിയിട്ടുള്ളത്. ആയതിന് പരിശീലകർക്കുള്ള (3 പേർക്ക്) വേതനമിനത്തിൽ 1,19,000/- രൂപയും പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണം നൽകിയ ഇനത്തിലുള്ള 80,748/- രൂപയുമടക്കം ആകെ ₹199748 യാണ് ചെലവ്. പരിശീലകർ കൈപ്പറ്റിയ വേതനം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പരിശീലകന്റെ പേര് | പരിശീലനം നൽകിയ ദിവസങ്ങൾ | പരിശീലനം നടന്ന വാർഡ് | കൈപ്പറ്റിയ തുക | ആകെ |
|---|---|---|---|---|
| ജനാർദ്ദനൻ പരപ്പ | 30 ദിവസം | 14 | 21000 | ₹40600 |
| | 28ദിവസം | 7 | 19600 | |
| സജീവൻ കെ.പി | 34 ദിവസം | 14 | 23800 | ₹43400 |
| | 28ദിവസം | 7 | 19600 | |
| ഹരീന്ദ്രൻ | 22ദിവസം | 17,18 | 15400 | ₹35000 |
| | 28ദിവസം | 17,18 | 19600 | |
| അകെ | | | | 119000 |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പരിശീലകരെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചതിന്റെയോ ഇന്റർവ്യൂ നടത്തിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല

2) പരിശീലകരുടെ അറ്റന്റൻസ് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ പരിശീലനം നൽകിയ കാലയളവ് വ്യക്തമല്ല

3) കുട്ടികളുടെ അറ്റന്റൻസ് ലഭ്യമാക്കിയെങ്കിലും വാർഡ് അടിസ്ഥാനത്തിലുള്ള പരിശീലന കാലയളവ് രേഖപ്പെടുത്തിയതുമായ അറ്റന്റൻസ് ലഭ്യമാക്കിയിട്ടില്ല.

4) പരിശീലകർക്ക് ഒരു ദിവസം 700/- രൂപ പ്രകാരം വേതനം അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല

മേൽ അപാകങ്ങൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വേതനമിനത്തിൽ കൈപ്പറ്റിയ ₹119000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകളും നിരക്ക് നിശ്ചയിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ചലനവൈകല്യമുള്ളവർക്ക് മുച്ചക്ര വാഹനം- രേഖകൾ ലഭ്യമാക്കിയില്ല-ചെലവ് തുക ₹95000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 48/23, ചലന വൈകല്യമുള്ളവർക്ക് മുച്ചക്ര വാഹനം (സ്റ്റീൽ ഓവർ) |
| അടങ്കൽ | ₹95000 – ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹39000 – തനത് ഫണ്ട്<br>ആകെ-₹134000 |

| | |
|---|---|
| ചെലവ് | ₹95000 – ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 180/13-12-23 |

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പരിധിയിലെ ചലനവൈകല്യമുള്ള വ്യക്തികൾക്ക് മുച്ചക്രവാഹനം വാങ്ങി നല്കുന്നതിനാണ് പദ്ധതി മേൽ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. കെൽട്രോണിൽ നിന്ന് വാങ്ങിയ വാഹനം ബിജ. സി.പി എന്നവ്യക്തിക്കാണ് നൽകിയിരിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) വാഹനത്തിന്റെ രജിസ്ട്രേഷൻസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താവിന് ഇൻവാലിഡ് കാര്യേജ് ലൈസൻസ് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7.1.4(2) ൽ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ് എന്നും ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയതായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്ത് നടത്തിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/15-11-23) ലഭ്യമാക്കിയ മറുപടിയിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നും പദ്ധതി സ്പിൽ ഓവർ ആയതിനാലാണ് ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ അനുസരിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹95000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പാലിന് ഇൻസെന്റീവ് പദ്ധതി - ക്ഷീര സഹകരണ സംഘത്തിൽ അളന്ന പാലിനനുസൃതമായി കർഷകർക്ക് ധനസഹായം ലഭിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രൊജക്ട് നമ്പർ/പേര് | 177/23 (പാലിന് ഇൻസെന്റീവ്) |
| അടങ്കൽ | ₹10,00,000 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)<br>₹7,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹6,00,000(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ : ₹23,00,000 |
| ചെലവ് | ₹10,00,000 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)<br>₹5,05,820 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹2,00,000(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ : ₹17,05,820 |

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ ക്ഷീരകർഷകർക്ക് 2022 ഏപ്രിൽ മാസം മുതൽ ക്ഷീര സംഘത്തിലളക്കുന്ന ഓരോ ലിറ്റർ പാലിനും ₹3 നിരക്കിൽ അധിക വില നൽകുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പദ്ധതി(ഒരു വർഷത്തിൽ പരമാവധി നൽകാവുന്ന സബ്സിഡി തുക ₹40000).പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 21 കർഷകർക്ക് അവർ ക്ഷീര സഹകരണ സംഘത്തിൽ അളന്ന പാലിനനുസൃതമായി സബ്സിഡി/ധനസഹായം അനുവദിച്ചിട്ടില്ല

കർഷകർക്ക് സബ്സിഡി തുക പൂർണമായും അനുവദിച്ച് നല്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/15-11-2023) പ്രസ്തുത കർഷകർക്ക് തുക അനുവദിക്കുന്നതിന് റിക്വിസിഷൻ തയ്യാറാക്കിയിരുന്നുവെങ്കിലും മാർച്ച് മാസത്തിൽ ബിൽ ട്രഷറിയിൽ സബ്മിറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല എന്നും ആയതിനാലാണ് ടി തുക കർഷകർക്ക് അനുവദിക്കാൻ സാധിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അർഹമായ ധനസഹായം കർഷകർക്ക് ലഭ്യമാവുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും പ്രസ്തുത കർഷർക്ക് അനുവദിക്കാനുള്ള ധനസഹായം സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ

തയ്യാറാക്കുന്നതിനുള്ള അംഗീകരിച്ച സർക്കാരിന്റെ 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിരുന്നോ എന്ന് അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (34/15-11-2023) ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നാണ് മറുപടി നല്കിയിട്ടുള്ളത്. പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്.

## 1-29 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക 2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (03/09-11-2023) മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കൽ എന്ന പ്രോജക്ട് (നമ്പർ-327/23) രൂപീകരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ലെന്നും, കഴിഞ്ഞ വർഷം പൂർത്തിയാക്കിയ പുതിയ റോഡ് പ്രവൃത്തികളുടെ ഡീറ്റയിൽസ് അപ്ഡേറ്റ് ചെയ്യാനായി ഊരാളുങ്കൽ സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ടെന്നും സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തു കൊണ്ടിരിക്കുകയാണെന്നുമാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/09-11-2023) മറുപടി നല്കിയിട്ടുള്ളത്. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലനം -പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. & പേര് | 141/23, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹400000 (വികസന ഫണ്ട്)<br>₹400000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ചെലവ് | ₹400000 (വികസന ഫണ്ട)<br>₹400000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ബിൽ നം. & തീയതി | BRN: 22220452009301187617/14/02/2023 |

ഗ്രാമ പഞ്ചായത്തിലെ 32 കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള 32 കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ അളവിൽ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട്

SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ₹400000 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം, പദ്ധതിയിൽ നിന്നും ഗുണഭോക്താക്കൾ ഇടയിൽ വെച്ച് വിട്ടു പോയിട്ടുണ്ടെങ്കിൽ അവയുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/16.11.23) പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം, ഗുണഭോക്താക്കളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകുന്നുണ്ട്. 2022-23 വർഷം തുക ഡെപ്പോസിറ്റ് ചെയ്ത് നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 36/23 മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടി കളിൽ കിണർ/ കുഴൽക്കിണർ കുഴിക്കൽ | ഭൂജല വകുപ്പ് | 184000 | 2022-23 | പൂർത്തീകരിച്ചതായി അറിയിച്ചെങ്കിലും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം ലഭ്യമാ ക്കിയില്ല. |
| 2 | 267/23 കുഴൽക്കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 995000 | 2022-23 | |
| 3 | 39/23 ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ | പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം | ₹2018628 | 2022-23 | ലഭ്യമല്ല |
| ആകെ | | | ₹3197628 | | |

2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത ₹2640182 യും, കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയത ₹72,31,492യും നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമാണ് തുക മുൻകൂർ ആയി നൽകാവൂ. എന്നാൽ ക്രമ നം.3 പ്രകാരമുള്ള പ്രവൃത്തിയിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രവൃത്തികൾക്കായി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ മേൽ പ്രകാരമുള്ള ക്രമ നമ്പർ 1, 2 പ്രവൃത്തികൾ പൂർത്തീകരിച്ചതായി പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെയൊന്നും പൂർത്തീകരണ/വിനിയോഗവിവരം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകിയതിനു ശേഷം ആയതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിന് രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും പുരോഗതി നിരീക്ഷിക്കുന്നതിന് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തതും എന്നാൽ നാളിതുവരെ ക്രമീകരിക്കാത്തതുമായ തുകകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി

പൂർത്തീകരിക്കേണ്ടുന്നത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22, 10.07.22 തീയതികളിലെ സർക്കുലറുകൾ യഥാക്രമം ഡി.എ.64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 09-11-2023, 10-11-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1745/2023, തീയതി: 11.12.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2022-23 | 180000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം.32/23) | 180000 | 0 |
| | 2022-23 | 200000 | പാലിന് ഇൻസെന്റീവ് (പ്രോജക്ട് നം.151/23) | 200000 | 0 |
| ആകെ | | 380000 | | 380000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 402895 | ശിശുമിത്ര ബഡ്സ് സ്കൂൾ സമഗ്ര പരിപാടി (പ്രോജക്ട് നം.6/23) | 402895 | 0 |
| | 2022-23 | 199923 | സാന്ത്വന പരിചരണം (പ്രോജക്ട് നം.7/23) | 199923 | 0 |
| | 2022-23 | 300000 | അങ്കണവാടി പോഷകാഹാരം (പ്രോജക്ട് നം.10/23) | 300000 | 0 |
| | 2022-23 | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം.32/23) | 600000 | 0 |
| | 2022-23 | 860000 | ലൈഫ്- ഭവന നിർമ്മാണം (എസ് സി) | 860000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രോജക്ട് നം.59/23) | | |
| | 2022-23 | 100000 | ആശ്രയ ലൈഫ് ഭവന നിർമ്മാണം ജനറൽ (പ്രോജക്ട് നം.60/23) | 100000 | 0 |
| | 2022-23 | 246360 | നെൽകൃഷികൂലി ചെലവ് സബ്സിഡി (പ്രോജക്ട് നം.123/23) | 246360 | 0 |
| | 2022-23 | 505820 | പാലിന് ഇൻസെന്റീവ് (പ്രോജക്ട് നം.151/23) | 505820 | 0 |
| | 2022-23 | 1160000 | ലൈഫ് മിഷൻ 2022-23 (പ്രോജക്ട് നം.276/23) | 1160000 | 0 |
| | | 4374998 | | 4374998 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മാങ്ങാട്ടിടം ഗ്രാമപഞ്ചായയത്തിലെ വിവിധ അങ്കണവാടികളിൽ തുറന്ന കിണർ/കുഴൽ കിണർ കുഴിക്കൽ (പ്രോജക്ട് നം-36/23) | 60/19-08-2022 ₹138130 22200367/24-8-22 ₹45870 | ₹184000 | 0 | 184000 |
| | കീരാച്ചി വയോജന വിശ്രമ കേന്ദ്രത്തിൽ കുഴൽകിണർ നിർമ്മാണം (പ്രോജക്ട് നം-40/23) | 536/28-03-2023 ₹300000 | ₹48000 | ₹48000 | 0 |
| | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ (പ്രോജക്ട് നം-238/23) | 225/7-1-2023 ₹300000 298/15-2-23 ₹87000 | ₹387000 | ₹362616 | ₹24384 തിരികെ ലഭിച്ചു. |
| | കോയിലോട് നാല് സെൻറ് കോളനി - കുടിവെള്ള പദ്ധതി (പ്രോജക്ട് നം.267/23) | 417/16-3-23 | ₹995000 | 0 | ₹995000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിംഗ് | ഓൺലൈൻ എക്സാമിനേഷൻ അടിസ്ഥാന സൗകര്യമൊരുക്കൽ (പ്രോജക്ട് നം.39/23) | 47/7-7-22 | ₹2018628 | 0 | ₹2018628 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമ പഞ്ചായത്ത് വായ്പ ഇനത്തിൽ തുക തിരിച്ചടക്കാൻ ഇല്ലെങ്കിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും ₹195296 (₹104623+₹90673) വികസന ഫണ്ട് (SCP)യിൽ കുറവ് ചെയ്തിട്ടുണ്ട് (ജി.ഒ പ്രോജക്ട്

നമ്പർ 366/23, 367/23). തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 20000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 20000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം/ഷെയറിന്റെ വിവരം

| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തുക |
|---|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 174/15.05.2014 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | 2004-05 | 3.13. 1.1 | വീട്ട് വാടക ബത്ത ഉയർന്ന നിരക്കിൽ അനുവദനീയമല്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 1 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 59484188 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 45016258 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4373628 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-14 | 100000 | ശ്രീ. കെ. സത്യൻ, സെക്രട്ടറി |
| 1-15 | 177000 | ശ്രീ. കെ. സത്യൻ, സെക്രട്ടറി |
| 1-16 | 995000 | ശ്രീ. കെ. സത്യൻ, സെക്രട്ടറി |
| 1-17 | 2018628 | ശ്രീ. കെ. സത്യൻ, സെക്രട്ടറി |
| 1-18 | 137084 | ഡോ. അശ്വതി. കെ.പി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-19 | 291539 | 242895/- ഡോ. അശ്വതി. കെ.പി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>48644/- ഡോ.ഫറൂഖ്.ടി.എം,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-20 | 93140 | ശ്രീമതി. ബിന്ദു. യു.വി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 90000 | ശ്രീമതി. രോഷ്നി.ഒ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 69816 | ശ്രീമതി. രോഷ്നി.ഒ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 81921 | ശ്രീമതി. രോഷ്നി.ഒ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 105500 | ശ്രീമതി. രാജശ്രീ കാളിയത്താൻ,<br>ഹെഡ് മിസ്ട്രസ് |
| 1-25 | 119000 | ശ്രീമതി. രാജശ്രീ കാളിയത്താൻ,<br>ഹെഡ് മിസ്ട്രസ് |
| 1-26 | 95000 | ശ്രീമതി. രോഷ്നി.ഒ ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 4373628 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സത്യൻ, സെക്രട്ടറി | സെക്രട്ടറി, മൊകേരി ഗ്രാമപഞ്ചായത്ത്. | തിരുവാതിര, മാവിലായി.പി.ഒ കണ്ണൂർ ജില്ല. |
| ഡോ. അശ്വതി. കെ.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ബേപ്പൂർ. | പാർവതിവിഹാർ, മൂന്നൂർ. പി.ഒ, കോഴിക്കോട് ജില്ല. |
| ശ്രീമതി. ബിന്ദു. യു.വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്. | പ്രകൃതി, കുത്തുപറമ്പ്. പി.ഒ കണ്ണൂർ ജില്ല. |
| ശ്രീമതി. രോഷ്നി. ഒ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കോട്ടയം ഗ്രാമ പഞ്ചായത്ത്. | അച്യുതം, വട്ടിപ്രം, മാങ്ങാട്ടിടം. പി.ഒ കണ്ണൂർ ജില്ല. |
| ഡോ.ഫറൂഖ്.ടി.എം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, കണ്ണൂർ ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ. | പ്യാരി, മോണ്ടം, മൊറയൂർ.പി.ഒ, മലപ്പുറം. |
| ശ്രീമതി. രാജശ്രീ കാളിയത്താൻ, ഹെഡ് മിസ്ട്രസ് | വിരമിച്ചു. | ഹരിപ്രിയ, പാച്ചപൊയ്ക. പി.ഒ കുത്തുപറമ്പ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 4 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 6 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 1 |
| 2009-10, | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022 തിയതി: 20.09.2022 | 4 |

| | | |
|---|---|---|
| 2010-11,<br>2011-12 | | |
| 2013-14,<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022<br>തിയതി: 20.09.2022 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022<br>തിയതി: 20.09.2022 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022<br>തിയതി: 20.09.2022 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022<br>തിയതി: 20.09.2022 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി8/1320/2022<br>തിയതി: 20.09.2022 | 8 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി8/ 341/2022<br>തിയതി: 24.06.2022 | 19 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി8/ 342/2022<br>തിയതി: 24.06.2022 | 25 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി8/ 881/2023<br>തിയതി: 03.08.2023 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 221/23 dated 03-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mangattidam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mangattidam Grama Panchayat for the year 2022-2023

Date: 11/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Mangattidam Grama Panchayat for the Year 2022-2023.

**1.Major Observations**

1) Schedule B-1 is not incorporated in Annual Financial Statements

2)The asset register has not been prepared and kept up-to-date so as to verify the correctness of the amounts vide Schedule B-11.

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

a) Basic Ratios

2) The total cash flow for the year in the cash flow statement does not match the amount shown in the statement as difference between opening balance and closing balance of cash and cash equivalents

3) Registers are not maintained accurately so as to verify the amounts in annual accounts

4) Amount spent for asset creation using specific grant is not transferred to capital contribution as per B-3 schedule

5) The amount which has been recorded as stale cheque in B-9-Schedule of the Annual Financial Statement (Rs 27383) has not been transferred to the Panchayat Fund

6) Depreciation is not provided for the assets plant &machinery.

7) Timely demand entry is not made in respect of tax and non tax revenue

8) There is no closing stock as per B-14 schedule

9) Panchayath has no secured loan as per B-5 schedule. But an amount of Rs 195296 is deducted as GO project from Development fund -SCP

10) Figure shown as Gross surplus/deficit of income over expenditure after prior period items in income &expenditure differs with the actual amount which transferred to balance sheet B-1 schedule

11) Unspent amount of Rurban mission fund in deposit work received by panchayath is not remitted back or shown in balance sheet B-4 schedule

12) Property tax collection and balance amount as per sanchaya DCB statement does not match with AFS

13) Details of the uncashed cheque worth Rs 267809 shown in the Book reconciliation statement of own fund account under the heading âcheque deposited but not credtedâ is not made available for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1) RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| | Mangattidam Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 51021277.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1031350.00 |
| 130000000 | Rental income from Panchayat Properties | RP-3 | 114380.00 |
| 140000000 | Fees & User Charges | RP-4 | 4966824.00 |
| 150000000 | Sale & Hire Charges | RP-5 | 135124.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 17346000.00 |
| 171000000 | Interest Earned | RP-9 | 1296475.00 |
| 190000000 | Prior Period Income | RP-11 | 25632.00 |
| 210000000 | Establishment Expenses | RP-12 | 4000.00 |
| 230000000 | Operations & Maintenance | RP-14 | 1725.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 2546.00 |
| 311000000 | Earmarked Funds | RP-28 | 4920.00 |
| 312000000 | Reserves | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18580930.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14621119.00 |
| 460000000 | Loans, Advances and Deposits | RP-49 | 679822.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 85822.00 |
| 340000000 | Deposits Received | RP-33 | 20250.00 |
| 350000000 | Other Liabilities | RP-35 | 567269.00 |
| | Grand total | | 110505465.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 78500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2874430.00 |
| 460000000 | Loans, Advances and Deposits | RP-49 | 871912.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 335870.00 |
| 350000000 | Other Liabilities | RP-35 | 40855527.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 65489207.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 110505465.00 |

2) INCOME & EXPENDITURE STATEMENT

| Mangattidam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6743988.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 169955.00 |
| 140000000 | Fee & User Charges | I-4 | 5324902.00 |
| 150000000 | Sale & Hire Charges | I-5 | 142324.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 212036724.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1296475.00 |
| 180000000 | Other Income | I-9 | 85822.00 |
| | Total Income | | 225800190 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12021995.00 |
| 220000000 | Administrative Expenses | I-11 | 1582575.00 |
| 230000000 | Operations & Maintenance | I-12 | 1573780.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13010810.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33977470.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12231815.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 49897203.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 77771400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1293272.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 2388105.00 |
| | Total Expenditure | | 205749154.00 |
| | Gross Surplus / Deficit of income over Expenditure | | 20051036.00 |
| 190000000 | Prior period income | I-19 | 33631.00 |
| 290000000 | Prior period expense | I-18 | 368667.00 |
| | Net difference I-19 - I-18 | | 335036 |
| | Gross surplus/deficit of income over expenditure after rpior period item | | 20386072 |

3) BALANCE SHEET

| Mangattidam Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / General Fund | B-1 | 154430319.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 96159.00 |
| 312000000 | Reserves | B-3 | 86893495.00 |
| | Total Reserve & Surplus | | 241419973.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 19826149.00 |
| | Total Grants, Contributions for Specific Purposes | | 19826149.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 877145.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1768780.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2645925.00 |
| | TOTAL LIABILITIES | | 263892047.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4885818.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2937953.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 13613509.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 253491714.00 |
| 416000000 | Accumulated Depreciation | B-11(a) | -117611883.00 |
| | Total Fixed Assets | | 157317111.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2891989.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 65489207.00 |
| 460000000 | Loans, Advances and Deposits | B-18 | 38173740.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 106554936.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 263892047.00 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.